**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3924** **09-10-2025 - ൽ മറുപടിയ്ക്ക്**

**അബ്ദുറഹ്മാൻ സാഹിബ് സാംസ്കാരിക സമുച്ചയത്തിനുള്ള സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിലെ ഏറനാട് താലൂക്കിൽ നവോത്ഥാന നായകൻ അബ്ദുറഹ്മാൻ സാഹിബിന്റെ നാമധേയത്തിൽ 39.67 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളത് എവിടെയാണെന്നും പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ; വിശദമാക്കുമോ; | (എ) | മലപ്പുറം മണ്ഡലത്തിലെ ഏറനാട് താലൂക്കിൽ നവോത്ഥാന നായകൻ അബ്ദു റഹിമാൻ സാഹിബിന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിനായി സ്ഥലം കണ്ടെത്തിയിരുന്നുവെങ്കിലും മണ്ണിടിച്ചിൽ സാധ്യത നിലനിൽക്കുന്നതിനാൽ പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുകയില്ല. പകരമായി ഭൂമി കണ്ടെത്തുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ കണ്ടെത്തിയ ഭൂമി സംബന്ധിച്ച റിപ്പോർട്ട് കളക്ടറേറ്റിൽ നിന്നും സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രാരംഭ നടപടികൾ സാംസ്കാരിക വകുപ്പ് ഡയറക്ടർ സ്വീകരിച്ചു വരുന്നു. |
| (ബി) | സാംസ്കാരിക കാര്യ വകുപ്പിന് കൈമാറി നൽകിയ ഏറനാട് താലൂക്ക് മലപ്പുറം വില്ലേജിലെ ഭൂമിയിൽ മണ്ണിടിച്ചിലിന് സാധ്യതയുള്ളതിനാൽ പ്രസ്തുത ഭൂമിക്ക് പകരമായി ഭൂമി കണ്ടെത്തുന്നതിന് നൽകിയ നിർദേശപ്രകാരം മലപ്പുറം ജില്ലാ കളക്ടർ ഭൂമി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം എന്താണെന്ന് വിശദമാക്കുമോ? | (ബി) | മലപ്പുറം മണ്ഡലത്തിലെ ഏറനാട് താലൂക്കിൽ നവോത്ഥാന നായകൻ അബ്ദു റഹിമാൻ സാഹിബിന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിനായി സ്ഥലം കണ്ടെത്തിയിരുന്നുവെങ്കിലും മണ്ണിടിച്ചിൽ സാധ്യത നിലനിൽക്കുന്നതിനാൽ പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുകയില്ല. പകരമായി ഭൂമി കണ്ടെത്തുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ കണ്ടെത്തിയ ഭൂമി സംബന്ധിച്ച റിപ്പോർട്ട് കളക്ടറേറ്റിൽ നിന്നും സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രാരംഭ നടപടികൾ സാംസ്കാരിക വകുപ്പ് ഡയറക്ടർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ